**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :558 13.01.2021-ലെ മറുപടിക്ക്

**നെടുമങ്ങാട് മണ്ഡലത്തിൽ റബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ റബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിനുള്ള പഠനം നടത്താനായി ചുമതലപ്പെടുത്തിയിരുന്ന കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീസ് പ്രൊമോഷൻ (കെ-ബിപ്പ്) സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;<br><br>(സി) റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | **(എ),(ബി) & (സി)** തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കേന്ദ്രമാക്കി ഒരു റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കണമെന്ന നിർദ്ദേശത്തിന്മേൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് പുറമേ നിന്നും ഒരു വിദഗ്ധ ഏജൻസിയെ തിരഞ്ഞെടുത്ത് അവർ മുഖേനയാണ് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ തുക 2020-21 സാമ്പത്തിക വർഷം കെ-ബിപ്പിന് അനുവദിച്ച തുകയിൽ നിന്നും കണ്ടെത്തിയിരുന്നു. എന്നാൽ കോവിഡ് 19 മഹാമാരിയെ തുടർന്ന് ഉണ്ടായ പ്രതിസന്ധി കാരണം വിദഗ്ധ ഏജൻസിയെ തെരഞ്ഞെടുത്ത് സാധ്യതാപഠനം നടത്തുവാൻ കഴിഞ്ഞിട്ടില്ല. |

Shalna

**സെക്ഷൻ ഓഫീസർ**